പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 58** **23-06-2026-ൽ മറുപടിയ്ക്ക്**

**ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** ഭരണനിർവഹണം കാലോചിതമായി പരിഷ്കരിക്കുന്നതിനും സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് കൂടുതൽ പ്രാപ്യമാക്കുന്നതിനും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ പരിഗണിക്കുന്നതെന്ന വ്യക്തമാക്കാമോ;

**മറുപടി:** ഭരണകാര്യക്ഷമത വർധിപ്പിക്കുന്നതിനും സർക്കാർ സേവനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യമായും ജനസൗഹൃദമായും ലഭ്യമാക്കുന്നതിനുമായി നിർമ്മിതബുദ്ധി അധിഷ്ഠിത തീരുമാനസഹായ സംവിധാനങ്ങൾ, വിവരശേഖരണ സംവിധാനങ്ങൾ, ചാറ്റ്ബോട്ടുകൾ, ഡാറ്റാ വിശകലന സംവിധാനങ്ങൾ, പ്രവചനാധിഷ്ഠിത ആസൂത്രണ സംവിധാനങ്ങൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പദ്ധതികൾ സർക്കാർ പരിഗണിച്ചുവരുന്നു.

**(ബി)** എ.ഐ. യുടെ ഉപയോഗം ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ചിട്ടുള്ള കെ-എ.ഐ. മിഷൻ മുഖേന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന വ്യക്തമാക്കാമോ;

**മറുപടി:** കേരളത്തിൽ എ.ഐ. സാങ്കേതികവിദ്യയുടെ ഉപയോഗം ത്വരിതപ്പെടുത്തുക, ഭരണ നിർവ്വഹണം കൂടുതൽ സുതാര്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരളാ സ്റ്റേറ്റ് ഐടി മിഷൻ (KSITM), കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM), ഐ.സി.ടി അക്കാദമി ഓഫ് കേരള (ICTAK) എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ രൂപീകരിച്ച കെ-എ.ഐ (K-AI) പ്രോഗ്രാം മുഖേന താഴെ പറയുന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് :

- വിവിധ വകുപ്പുകളിലെ നിർമ്മിത ബുദ്ധി ഉപയോഗ സാധ്യതകൾ തിരിച്ചറിയുന്നു.
- നിർമ്മിത ബുദ്ധി അധിഷ്ഠിത പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി സർക്കാർ വകുപ്പുകൾ, സ്റ്റാർട്ടപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയെ ബന്ധിപ്പിക്കുന്നു.
- Innovation challenges സംഘടിപ്പിക്കുന്നു.
- നിർമ്മിത ബുദ്ധി അധിഷ്ഠിത പരിഹാരങ്ങളുടെ വികസനവും പരീക്ഷണാടിസ്ഥാനത്തിലുള്ള നടപ്പാക്കലും പ്രോത്സാഹിപ്പിക്കുന്നു.
- ഉത്തരവാദിത്തപരമായ നിർമ്മിത ബുദ്ധി ഉപയോഗം സംബന്ധിച്ച അവബോധവും പരിശീലനവും നൽകുന്നു.

**(സി)** സർക്കാർ വകുപ്പുകളെയും സ്റ്റാർട്ടപ്പ് സംരംഭങ്ങളെയും സ്റ്റാർട്ടപ്പ് മേഖലയിലെ ഗവേഷകരെയും കോർത്തിണക്കി എ.ഐ. യുടെ ഉപയോഗത്തിലൂടെ ഭരണനിർവഹണത്തിലും സംസ്ഥാനത്തിന്റെ തനതായ ആവശ്യങ്ങളിലും എന്തെല്ലാം ക്രിയാത്മക ഇടപെടലുകൾ സാധ്യമാക്കാനാകുമെന്ന വ്യക്തമാക്കാമോ;

**മറുപടി:** കേരള എ.ഐ. മിഷന്റെ ഭാഗമായി നിലവിൽ 18 സർക്കാർ വകുപ്പുകൾ തങ്ങളുടെ സേവനങ്ങൾ മെച്ചപ്പെടുത്താനായി പങ്കാളികളായിട്ടുണ്ട്. ഇതിലൂടെ ഭരണരംഗത്ത് കണ്ടുവരുന്ന 51 പ്രശ്നങ്ങൾ കണ്ടെത്തുകയും, അവയ്ക്ക് അനുയോജ്യമായ പരിഹാരം നിർദേശിച്ചുകൊണ്ട് സ്റ്റാർട്ടപ്പുകളിൽ നിന്ന് 237 പ്രൊപ്പോസലുകൾ ലഭ്യമാക്കുകയും ചെയ്തു. ഈ പ്രൊപ്പോസലുകൾ അതത് വകുപ്പുകൾ വിശദമായി പരിശോധിച്ചുവരികയാണ്; വിലയിരുത്തലുകൾ പൂർത്തിയാകുന്നതോടെ പൈലറ്റ് പ്രൊജക്റ്റുകളായി ഈ സൊല്യൂഷനുകൾ വകുപ്പുകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇതിലൂടെ ആരോഗ്യം, വിദ്യാഭ്യാസം, കാർഷികം, ദുരന്തനിവാരണം, പൊതുസേവന വിതരണം, ഭാഷാ സാങ്കേതികവിദ്യ, ഡാറ്റാ വിശകലനം തുടങ്ങിയ മേഖലകളിൽ സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾ പരിഹരിക്കുന്ന നവീന സംവിധാനങ്ങൾ വികസിപ്പിക്കാൻ സാധിക്കും.

**(ഡി)** എ.ഐ. സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങളും പ്രോത്സാഹന പദ്ധതികളും എന്തൊക്കെയാണ്; കൂടുതൽ സംരംഭകരെ എ.ഐ. സ്റ്റാർട്ടപ്പ് മേഖലയിലേക്ക് ആകർഷിക്കാൻ ഈ ആനുകൂല്യങ്ങൾ വർധിപ്പിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന എ.ഐ. സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ സൗകര്യങ്ങൾ, മെന്ററിംഗ്, സീഡ് ഫണ്ടിംഗ്, നവീകരണ ഗ്രാന്റുകൾ, നിക്ഷേപക ബന്ധങ്ങൾ, ഗവേഷണ സഹകരണം, വിപണി പ്രവേശന സഹായം തുടങ്ങിയ പിന്തുണകൾ നൽകിവരുന്നു.

എ.ഐ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിനായി ഏപ്രിൽ മാസത്തിൽ ദേശീയ തലത്തിൽ ഒരു 'ഏജന്റിക് എ.ഐ ഹാക്കത്തോൺ' (Agentic AI hackathon)സംഘടിപ്പിച്ചിരുന്നു. സ്റ്റാർട്ടപ്പുകൾക്ക് ഇന്നൊവേഷൻ ഗ്രാന്റ് പ്രോഗ്രാമിലൂടെയുള്ള പിന്തുണയ്ക്ക് പുറമെ, കെ.എസ്.യു.എമ്മിന്റെ ഇൻ-ഹൗസ് ജിപിയു (GPU) സംവിധാനത്തിലൂടെ കമ്പ്യൂട്ടേഷണൽ പിന്തുണയും ലഭ്യമാക്കുന്നുണ്ട്. നിലവിലുള്ള കമ്പ്യൂട്ട് ഇൻഫ്രാസ്ട്രക്ചർ മതിയാകാത്ത തിനാലും എ.ഐ സ്റ്റാർട്ടപ്പുകളുടെ കമ്പ്യൂട്ട് ചാർജ്ജുകൾ വളരെ കൂടുതലായതിനാലും, കേരളത്തിനുള്ളിൽ തന്നെ ഒരു ജിപിയു ക്ലസ്റ്റർ (GPU cluster) സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരുന്നു.

**(ഇ)** നിർമ്മിത ബുദ്ധിയുടെ ഉപയോഗം കൂടുതൽ ജനസൗഹൃദവും സുരക്ഷിതവുമാക്കാൻ ലക്ഷ്യമിട്ട് എ.ഐ. നയം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന വ്യക്തമാക്കാമോ?

**മറുപടി:** നിർമ്മിതബുദ്ധിയുടെ സുരക്ഷിതവും സുതാര്യവും ഉത്തരവാദിത്തപരവുമായ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി സ്വകാര്യത, വിവരസുരക്ഷ, ധാർമ്മികത, ഉത്തരവാദിത്തം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന നയപരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ദേശീയ-അന്തർദേശീയ മാതൃകകളും നിയമവ്യവസ്ഥകളും അടിസ്ഥാനമാക്കി, ഈ മേഖലയിലെ പുതിയ മാറ്റങ്ങളും മുന്നേറ്റങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എ.ഐ നയത്തിന്റെ കരട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ